# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3089** **10/05/2017-ൽ മറുപടിക്ക്**

## ഡെങ്കിപ്പനി

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.പി. ഉണ്ണി** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| **എ)** | പാലക്കാട് ജില്ലയിൽ ഡെങ്കിപ്പനി പടർന്നു പിടിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ)** | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| **ബി)** | ഡെങ്കിപ്പനി ജില്ലയിൽ നിയന്ത്രണ വിധേയമല്ലാത്ത കാര്യം ശ്രദ്ധയിലുണ്ടോ; ജില്ലയിലെ ഏതെല്ലാം മേഖലകളിലാണ് ഡെങ്കിപ്പനി പടർന്നു പിടിക്കുന്നത്; | **ബി)** | നിലവിൽ ഡെങ്കിപ്പനി ജില്ലയിൽ നിയന്ത്രണവിധേയമാണ്. മേലാർക്കോട്, മരുതറോഡ്, മുണ്ടൂർ, പുതുശ്ശേരി, എലപ്പുള്ളി തുടങ്ങിയ സ്ഥലങ്ങളിൽ ഡെങ്കിപ്പനി കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| **സി)** | പടർന്നു പിടിക്കുന്നതിന് കാരണമെന്താണെന്നാണ് കണ്ടെത്തിയിട്ടുള്ളത് ; | **സി)** | ജലദൗർലഭ്യം മൂലം വീടുകളിൽ സംഭരിച്ചു വെയ്ക്കുന്ന വെള്ളത്തിലാണ് ഡെങ്കിപ്പനി പടർത്തുന്ന കൊതുക് ലാർവ്വകൾ കൂടുതലായി കണ്ടുവരുന്നത്. |
| **ഡി)** | പ്രതിരോധ പ്രവർത്തനങ്ങൾ എന്തെല്ലാം നടത്തി എന്ന് വിശദീകരിക്കാമോ? | **ഡി)** | ജനുവരി, ഫെബ്രുവരി മാസങ്ങളിൽ തന്നെ ഡെങ്കിപ്പനിയുടെ ഹോട്ട്സ്പോട്ടുകൾ കണ്ടെത്തുകയും പ്രസ്തുത സ്ഥലങ്ങളിൽ കൊതുക് സാന്ദ്രതാ പഠനം ഊർജ്ജിതമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. മാർച്ച് 2-3 വാരങ്ങളിൽ ആരോഗ്യപ്രവർത്തകർക്ക് പ്രത്യേക പരിശീലനം നൽകി. ഏപ്രിൽ - 21 - ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പ് മേധാവികളുടെ സാന്നിദ്ധ്യത്തിൽ മഴക്കാല പൂർവ്വരോഗങ്ങളെക്കുറിച്ചും നിലവിലുള്ള ഡങ്കിപ്പനി രോഗബാധിത മേഖലകളെക്കുറിച്ചും അവലോകനം നടത്തുകയും തുടർ നടപടികൾ തീരുമാനിക്കുകയും ചെയ്തു. ഏപ്രിൽ അവസാന വാരത്തിൽ ഈഡിസ് കൊതുകിന്റെ ഉറവിട നശീകരണം, 'തോട്ടങ്ങളിലേയ്ക്ക് |

➡

നീങ്ങാം', ഹെൽത്തി കേരള (ഊർജ്ജിത ഉറവിട നശീകരണം) കാംപെയിനുകൾ നടത്തുകയുണ്ടായി. മെയ് ആദ്യവാരം തദ്ദേശസ്വയംഭരണ സ്ഥാപന മേധാവി-കൾ, സെക്രട്ടറിമാർ, മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് സൂപ്പർ-വൈസർ എന്നിവരെ സംഘടിപ്പിച്ചു-കൊണ്ട് അവലോകന മീറ്റിംഗ് നടത്തി.

ഡെങ്കിപ്പനി ബാധിത പ്രദേശങ്ങളിൽ ഫീവർ ക്ലിനിക്കുകളും ജില്ലാ/താലൂക്ക് ആശുപത്രികളിൽ ഫീവർ വാർഡുകളും സജ്ജീകരിച്ചിട്ടുണ്ട്.

സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ലബോറട്ടറി സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും അവശ്യ മരുന്നുകൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**